7772
6/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി-2014-15 -അംഗൻവാടികളിൽ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 478/2014/സാനീവ തീയതി, തിരുവനന്തപുരം , 04.08.2014.

---

പരാമർശം : (1) 23.10.2013 ലെ സ.ഉ(സാധാ) നം. 531/13/സാനീവ.
(2) 3.7.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ1-39934/13 നംപർ കത്ത്.
(3) 21.7.2014 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗൻവാടികൾ ഘട്ടംഘട്ടമായി സാമൂഹ്യവിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ 139 അംഗൻവാടികളിൽ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും 46,28,700/- രൂപ ചെലവാക്കി കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ട്രഷറി നിയന്ത്രണങ്ങളും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങളും നിലനിന്നിരുന്നതിനാൽ ട്രഷറിയിൽ നിന്നും ടി തുക പിൻവലിക്കാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ 2235-02-102-56(പി) ശീർഷകത്തിൽ നിന്നും 46,28,700/- രൂപ ചെലവഴിച്ച് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2014-15 സാമ്പത്തിക വർഷത്തിൽ 2235-02-102-56(പി) ശീർഷകത്തിൽ നിന്നും 46,28,700/- (നാൽപത്തിയാറ് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി എഴുനൂറ് രൂപ മാത്രം) ചെലവഴിച്ച് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ